# സകാത്ത്

വിശക്കുന്നവൻ മോഷ്ടിച്ചാൽ അതിനെന്താ പേര്?
മോഷണം തന്നെ.
അതിൻെറ വിധിയോ?
വിധിക്കാൻ വരട്ടെ. അതിനു മുമ്പ് രണ്ട് വാക്ക്.
ഏറെ ദയനീയമാണ് ദാരിദ്ര്യം. നീതിയും ധർമവും നിരാകരിക്കാൻ വരെ മനുഷ്യനെയത് ധൃഷ്ടനാക്കിയേക്കാം. ദൈവികനീതിയുടെയും പരീക്ഷണത്തിൻെറയും ഭാഗമാണ് ദാരിദ്ര്യവും ആഢ്യതയും. നാളെ ആർക്കും വരാവുന്ന സ്ഥായിയല്ലാത്ത ഭാഗധേയം.
നമ്മുടെ നാട് ഏതൊക്കെ നിലയിൽ എത്രയൊക്കെ പുരോഗമിച്ചാലും മാറാത്തതാണ് ദാരിദ്ര്യം. വ്യവസ്ഥിതിക്കുമുണ്ട് അതിൽ നല്ല പങ്ക്. ഒരു സമൂഹത്തെ പഠനവിധേയമാക്കിയാൽ കുറച്ച് ധനാഢ്യരും കുറച്ചധികം മധ്യനിരക്കാരും ബാക്കി ദരിദ്രരുമാണുണ്ടാവുക. ആരാണങ്ങനെ സംവിധാനിച്ചത്? ഈ അനുപാതത്തിൻെറ യുക്തിയെന്താണ്?
ദൈവികയുക്തിയെയും സംവിധാനത്തെയും നാം ചോദ്യം ചെയ്യേണ്ട. പകരം അവൻ അതെപ്പറ്റി പറഞ്ഞ ചില പദ്ധതികൾ പ്രാവർത്തികമാക്കുക.
ദാരിദ്ര്യം വെച്ചുപൊറുപ്പിക്കണമെന്ന് ദൈവികവ്യവസ്ഥ അഭിലഷിക്കുന്നില്ല. അത് മാറണമെന്നും മാറ്റണമെന്നുമാണ് അതിൻെറ നിർദ്ദേശം. അതിനായി കാര്യക്ഷമമായ പല പരിപാടികളും മുനഷ്യൻെറ മുമ്പിൽ അതവതരിപ്പിക്കുകയുണ്ടായി. അതിൽ പ്രധാനമാണ് നിർബന്ധ ദാനധർമം. ധനാർത്തി മനുഷ്യനെ കുറ്റകരമായ നിലപാടുകളിൽ കൊണ്ടെത്തിക്കും. അഹിതമായ സമ്പാദ്യത്തിന് അത് നിർബന്ധിക്കും. അത്തരക്കാർ ചിലപ്പോൾ ദാരിദ്ര്യത്തോട് അവജ്ഞയും കാണിച്ചേക്കാം. അവക്കുള്ള ശക്തമായ പ്രതിവിധി കൂടിയാണ് ദാനധർമം.
ധനം ദൈവികദാനമാണ്. അത് നമ്മുടെ സ്വന്തമല്ല. സമൂഹം കഷ്ടപ്പെടുമ്പോൾ അത് കെട്ടിപ്പൂട്ടിവെക്കുന്നത് കുറ്റമാണ്. അതിനാൽ ദൈവികവ്യവസ്ഥ ധനാഢ്യർക്ക് സകാത്ത് നിർബന്ധമാക്കിക്കൊണ്ട് ദാരിദ്ര്യനിർമാർജനത്തിന് അടിത്തറയിട്ടു. ദൈവികവ്യവസ്ഥയുടെ ശക്തമായ മാനുഷികപ്രതിബദ്ധയാണത്. അതിൽനിന്ന് ദരിദ്രനെ അവൻെറ ആവശ്യങ്ങളിൽ ധന്യനാക്കണം, അഗതിക്ക് ഗതിയൊരുക്കണം, അതിനായി പ്രവർത്തിക്കുന്നവർക്ക് കൈതാങ്ങാകണം, സ്രഷ്ടാവിനോടടുക്കുന്ന ഹൃദയങ്ങൾക്ക് പ്രോത്സാഹനമാകണം, അടിമക്ക് വിമോചനമേകണം, ഋണബാധിതന് കരകയറ്റമേകണം, യാത്രക്കാരന് പാഥേയമേകണം. കാരണം, രണ്ട് പ്രതിബദ്ധതകളാണ് മനുഷ്യർക്കുള്ളത്. ഒന്ന് ദൈവത്തോട്. നമസ്കാരം അതിനെ പ്രതിനിധീകരിക്കുന്നു. രണ്ടാമത്തേത് സഹജീവികളോടുള്ള പ്രതിബദ്ധത. ദാനധർമം അതിനെ പ്രതിനിധീകരിക്കുന്നു. അവ രണ്ടും ഒരു പോലെ നിർവഹിക്കുന്നവൻ മാത്രമേ യഥാർഥ ഏകദൈവവിശ്വാസിയാവുകയുള്ളൂ. റമദാനിൽ അതിന് പ്രത്യേക പുണ്യവും പ്രതിഫലവും ദൈവം നിശ്ചയിച്ചിട്ടുണ്ട്.
സകാത്തിലൂടെ ദാരിദ്ര്യത്തിൻെറ സാഹചര്യം മാറണം. അതില്ലാതെ വിശക്കുന്നവൻ മോഷ്ടിച്ചാൽ അവനെ എങ്ങനെ കുറ്റം പറയും? അവനെതിരെ എങ്ങനെ വിധിക്കും?

# ZAKATH CHART

| വസ്തു | സകാത്ത് നിർബന്ധമാകുന്ന അളവ് | കൊടുക്കേണ്ട വിഹിതം | സമയം | ശ്രദ്ധിക്കേണ്ട കാര്യം |
|---|---|---|---|---|
| സ്വർണം, സ്വർണാഭരണങ്ങൾ | 85 ഗ്രാം | 2.5 ശതമാനം | വർഷത്തിൽ | |
| വെള്ളി | 595 ഗ്രാം | 2.5 ശതമാനം | വർഷത്തിൽ | |
| നാണയം | 85 ഗ്രാം സ്വർണത്തിന്റെ വില (45,000 രൂപ) | 2.5 ശതമാനം. | വർഷത്തിൽ | കച്ചവടത്തിന് നേരത്തെ സ്വരൂപിച്ച പണം 45000 രൂപയുണ്ടെങ്കിൽ അതിന് ആദ്യമേ സകാത്ത് കൊടുക്കണം. |
| കച്ചവടച്ചരക്കുകൾ | 85ഗ്രാം സ്വർണത്തിന് തുല്യം | 2.5 ശതമാനം | വർഷത്തിൽ | നിലവിലുള്ള മാർക്കറ്റ് വിലയും ലാഭവും കണക്കാക്കണം. |
| പഴവർഗങ്ങൾ | 650 കി.ഗ്രാമിന് തുല്യം | 2.5 ശതമാനം | സീസണിൽ | |
| ശമ്പളം, കൂലി ആനുകൂല്യങ്ങൾ | 85ഗ്രാം സ്വർണത്തിന് തുല്യം | 2.5 ശതമാനം | കിട്ടുമ്പോൾ | അടിസ്ഥാനാവശ്യങ്ങൾ കഴിച്ച് |
| ഓഹരി | 85ഗ്രാം സ്വർണത്തിന് തുല്യം | 2.5 ശതമാനം | വർഷത്തിൽ | നിലവിലെ മാർക്കറ്റ് നിലവാരവും മൊത്തം വിഹിതവും കണക്കാക്കണം |
| നിക്ഷേപം | 85ഗ്രാം സ്വർണത്തിന് തുല്യം | 2.5 ശതമാനം | | |
| ലോൺ | 85ഗ്രാം സ്വർണത്തിന് തുല്യം | 2.5 ശതമാനം | വർഷത്തിൽ | തിരിച്ചു കിട്ടുമ്പോൾ |
| വാടക, കമ്പനി, വ്യവസായം | 85ഗ്രാം സ്വർണത്തിന് തുല്യം | 10 ശതമാനം | വർഷത്തിൽ | മൂലധനം കഴിച്ച്. കൃഷിയുടെ തോത് ഇതിനും ബാധകമാണ്. |
| മത്സ്യം, മറ്റു സമുദ്രോല്പന്നം | 85ഗ്രാം സ്വർണത്തിന് തുല്യം | 10 ശതമാനം | വർഷത്തിൽ | മൂലധനം കഴിച്ച് |
| കൃഷി | 650 കി.ഗ്രാം വേണം. | 10 ശതമാനം | കൊയ്ത്ത് കാലത്ത | മഴ, അരുവി എന്നിവ നനച്ചവ, താനേ വളർന്നവ. |
| കൃഷി | 650 കി.ഗ്രാംവേണം. | 5 ശതമാനം | കൊയ്ത്ത് കാലത്ത് | തേവി നനച്ചത്. |
| തേൻ,പാൽ, ഇറച്ചിക്കോഴി | 650 കി.ഗ്രാമിന് തുല്യം | 10 ശതമാനം | വർഷത്തിൽ | മൂലധനം കഴിച്ച് |